"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

കായികയുവജനകാര്യ വകുപ്പ് - കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിലിന് 2022-23 സാമ്പത്തിക വർഷത്തിലെ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ള തുകയിൽ നിന്നും മലയാള ഭരണാഭാഷ, കായികതാരങ്ങൾക്ക് സ്കോളർഷിപ്പും സാമ്പത്തിക സഹായവും നൽകുന്നതിനും, സ്പോർട്സ് എക്സ്ലെൻസ് സ്കീം, വനിതാ ഫുട്ബോൾ അക്കാഡമി എന്നീ തുടർ പദ്ധതികൾക്കായി തുക അനുവദിക്കുന്നതിന് ഭരണാനുമതി നൽകി -ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**കായികയുവജനകാര്യ (എ) വകുപ്പ്**

സ.ഉ.(സാധാ) നം.205/2022/S&YA തീയതി,തിരുവനന്തപുരം, 11-08-2022

---

പരാമർശം:- കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിൽ സെക്രട്ടറിയുടെ 07.07.2022ലെ KSSC/A1/2100/2022 നമ്പർ കത്ത്.

**ഉത്തരവ്**

2022-23 സാമ്പത്തിക വർഷത്തിൽ കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിലിന് ബഡ്ജറ്റ് വിഹിതമായി 34,00,00,000/-രൂപ 2204-00-104-97-35 & 36 പ്ലാൻ ശീർഷകത്തിൽ വകയിരുത്തിയിരുന്നു.

മലയാള ഭരണാഭാഷ, കായികതാരങ്ങൾക്ക് സ്കോളർഷിപ്പും സാമ്പത്തിക സഹായവും നൽകുന്നതിനും, സ്പോർട്സ് എക്സ്ലെൻസ് സ്കീം, വനിതാ ഫുട്ബോൾ അക്കാഡമി എന്നീ തുടർ പദ്ധതികൾക്ക് കഴിഞ്ഞ സാമ്പത്തിക വർഷത്തിൽ ഭരണാനുമതി ലഭിച്ചിട്ടുണ്ടെന്നും ഈ പദ്ധതികൾ എല്ലാം തന്നെ ബഡ്ജറ്റ് വിഹിതം Compenents എന്നിവയിൽ മാറ്റമില്ലാത്തവയും വർഷങ്ങളായിയുള്ള തുടർ പദ്ധതികളാണെന്നും ആകയാൽ ചുവടെ പറയുന്ന തുടർ പദ്ധതികൾക്കായി പ്ലാൻ ഫണ്ടിൽ നിന്നും 95,00,000/-രൂപയുടെ ഭരണാനുമതി നൽകണമെന്ന് കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിൽ സെക്രട്ടറി അഭ്യർത്ഥിച്ചിട്ടുണ്ട്.

| | | |
|---|---|---|
| 1) Scholarship/Financial Assistance for all | - | Rs.15,00,000/- |
| 2) Bharana Bhasha Malayalam- reception to the Kerala State Winning Team/ urgent expenses like visits of VIP | - | Rs.10,00,000/- |
| 3) SES sports Excellence Scheme | - | Rs.50,00,000/- |
| 4) Women Football Academy | - | Rs.20,00,000/- |
| Total | - | Rs.95,00,000/- |

2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിലിന് 2022-23 സാമ്പത്തിക വർഷത്തിലെ ബഡ്ജറ്റിൽ 2204-00-104-97-35 & 36 പ്ലാൻ ശീർഷകത്തിൽ വകയിരുത്തിയിട്ടുള്ള തുകയിൽ നിന്നും മലയാള ഭരണാഭാഷയ്ക്കായി 10 ലക്ഷം രൂപയും കായികതാരങ്ങൾക്ക് സ്കോളർഷിപ്പും സാമ്പത്തിക സഹായവും

നൽകുന്നതിനായി 15 ലക്ഷം രൂപയും, സ്പോർട്സ് എക്സലെൻസ് സ്കീമിനായി 50 ലക്ഷം രൂപയും, വനിതാ ഫുട്ബോൾ അക്കാഡമിയ്ക്കായി 20 ലക്ഷം രൂപയും ഉൾപ്പെടെ ആകെ 95,00,000/-രൂപ (തൊണ്ണൂറ്റി അഞ്ച് ലക്ഷം രൂപ മാത്രം) **മേൽ തുടർ പദ്ധതികൾക്കായി** 2022-23 സാമ്പത്തിക വർഷം 2204-00-104-97-36-Grant-in-Aid-Non Salary (P) ശീർഷകത്തിൽ നിന്നും അനുവദിക്കുന്നതിന് ഭരണാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

3) ഇതു സംബന്ധിച്ച് തുടർ നടപടികൾ കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിൽ സെക്രട്ടറി കൈക്കൊള്ളേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
മനോഹരൻ പി വി
ജോയിന്റ് സെക്രട്ടറി

സെക്രട്ടറി, കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിൽ, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ആഡിറ്റ്) തിരുവനന്തപുരം
ധനകാര്യ വകുപ്പ്
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

പകർപ്പ് :-ബഹു.കായിക വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
കായികയുവജനകാര്യ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ സി.എ്ക്ക്
കായികയുവജനകാര്യ വകുപ്പ് ജോയിന്റ് സെക്രട്ടറിയുടെ സി.എ്ക്ക്